എം.എൽ.എ. മാരുടെ ശുപാർശ പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ലഭിച്ച ചികിത്സാ ധനസഹായം

130 [3277] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ചികിത്സയ്ക്ക് സഹായധനം ആവശ്യപ്പെട്ടുകൊണ്ട് വിവിധ എം.എൽ.എ.മാർ ശുപാർശ ചെയ്ത എത്ര അപേക്ഷകളാണ് വകുപ്പ് മന്ത്രിക്ക് ലഭിച്ചിട്ടുള്ളത്;

(ബി) അതിൽ ഓരോ എം.എൽ.എ. മാരുടേയും എത്ര അപേക്ഷകൾക്ക് നേരിട്ട് സഹായധനം അനുവദിച്ചു;

(സി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എത്ര പേർക്ക് സഹായധനം അനുവദിച്ചുവെന്ന് വ്യക്തമാക്കുന്ന സ്റ്റേറ്റുമെന്റ് ലഭ്യമാക്കുമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ആദിവാസി ഭവന നിർമ്മാണത്തിന് ലോക ബാങ്ക് വായ്പ

131 [3278] ശ്രീ. പി. നാരായണൻ:
,, മാങ്കോട് രാധാകൃഷ്ണൻ:
,, എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി ഭവന നിർമ്മാണത്തിനുവേണ്ടി ലോകബാങ്കിൽ നിന്ന് വായ്പയ്ക്ക് അപേക്ഷിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈയിനത്തിൽ എത്ര തുക ലഭിച്ചു;

(സി) ആദിവാസികളുടെ ഭവന നിർമ്മാണത്തിന്റെ പേരിൽ ലോകബാങ്കിൽ നിന്ന് വായ്പയെടുത്ത് ദുർവിനിയോഗം നടത്താൻ ശ്രമിക്കുന്നതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഈ ആരോപണത്തിൻമേലുള്ള ഗവൺമെന്റിന്റെ അഭിപ്രായം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly